## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1761 05.12.2014-ൽ മറുപടിയ്ക്ക്

## ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.ചന്ദ്രൻ | | **ശ്രീ.കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകൾ നവീകരിക്കുന്നതിന് ശ്രമിക്കുന്നുണ്ടോ; | (എ) | നവീകരണത്തിനുള്ള നടപടികൾ തുടർന്നു വരുന്നു. |
| (ബി) | അച്ചടി രംഗത്തെ നൂതന സാങ്കേതിക വിദ്യയും, പുതിയ രീതികളും പ്രസ്സുകളിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; | (ബി) | ആവശ്യമായ ഫണ്ടും പുതിയ സാങ്കേതിക വിദ്യയിൽ പരിചയസമ്പന്നരായ ജീവനക്കാരുടെ അഭാവവും കാരണം അച്ചടി രംഗത്തെ നൂതന സാങ്കേതിക വിദ്യയും, പുതിയ രീതികളും പ്രസ്സുകളിൽ പൂർണ്ണതോതിൽ നടപ്പാക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്. |
| (സി) | എല്ലാ സർക്കാർ വകുപ്പുകൾക്കും ആവശ്യമായ ഫോറം, രജിസ്റ്റർ മുതലായവ സർക്കാർ പ്രസ്സുകളിൽ തന്നെയാണോ അച്ചടിക്കുന്നത്; | (സി) | എല്ലാ സർക്കാർ വകുപ്പുകൾക്കും ആവശ്യമായ ഫാറങ്ങളും രജിസ്റ്ററുകളും സർക്കാർ പ്രസ്സുകളിലാണ് അച്ചടിക്കുന്നത്. സർക്കാർ വകുപ്പുകളുടെ അച്ചടിജോലികൾ സർക്കാർ പ്രസ്സുകൾക്കുപുറമേ സി ആപ്റ്റ്, കെ.ബി.പി.എസ് എന്നീ സ്ഥാപനങ്ങളിലും അച്ചടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഈ സാമ്പത്തിക വർഷം സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിന് കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ? | (ഡി) | നടപ്പു സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 575 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ